പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1010 08.01.2014 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത ഗ്രാമ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാർക്കായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടിയുള്ള വിവിധ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ,കളിസ്ഥലം, ബയോഗ്യാസ് പ്ലാന്റ്, മാലിന്യനിർമ്മാർജ്ജനം, വരുമാന ദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, എന്നിവയാണ് കോളനി കളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ. |
| (സി) | എത്ര പട്ടികജാതി കോളനികൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; | (സി) | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 120 ഉം രണ്ടാം ഘട്ടത്തിൽ 100 ഉം പട്ടികജാതി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതിയനുസരിച്ച് ഓരോ കോളനിക്കും എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | കോളനികളിൽ നടത്തേണ്ട വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓരോ കോളനിയിലും ഒരു കോടി രൂപ വീതമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ